## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5428 | 18.11.2019-ൽ മറുപടിക്ക്

### പി.എസ്.സി. പരീക്ഷാ തട്ടിപ്പുകേസ്സിലെ ക്രൈംബ്രാഞ്ച് അന്വേഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.എസ്.ശബരീനാഥൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | പോലീസ് കോൺസ്റ്റബിൾ തസ്തികയുമായി ബന്ധപ്പെട്ട് 2019-ൽ നടന്ന പരീക്ഷാ തട്ടിപ്പുകേസ്സിലെ ക്രൈംബ്രാഞ്ച് അന്വേഷണം മരവിച്ച നിലയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ക്രൈംബ്രാഞ്ച് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) | കേസ് അന്വേഷണം കാര്യക്ഷമമായി നടന്നുവരുന്നു. |
| (സി) | യൂണിവേഴ്സിറ്റി കോളേജിൽ നിന്നുമാണ് ചോദ്യപേപ്പർ ചോർന്നതെന്ന് വ്യക്തമായിട്ടും ആരാണ് അതിന് പിന്നിലെന്ന് കണ്ടെത്തുവാൻ നാളിതുവരെ ക്രൈംബ്രാഞ്ചിന് കഴിഞ്ഞില്ലായെന്നത് പ്രസ്തുത അന്വേഷണ സംഘത്തിന്റെ വീഴ്ചയല്ലേയെന്നത് പരിശോധിക്കുമോ; | (സി) | അന്വേഷണത്തിൽ വീഴ്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പി.എസ്.സി.യുടെ വിശ്വാസ്യത വീണ്ടെടുക്കുവാൻ പരീക്ഷാത്തട്ടിപ്പ് സംബന്ധിച്ച സമഗ്രാന്വേഷണം സി.ബി.ഐ.യെ ഏല്പിക്കുന്നത് പരിഗണിക്കുമോ; സർക്കാർ പ്രസ്തുത അന്വേഷണത്തിനെ എതിർക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (ഡി) | നിലവിൽ ഇക്കാര്യത്തിൽ ഒരു തീരുമാനവും കൈക്കൊണ്ടിട്ടില്ല. |

(ഇ) പ്രസ്തുത പരീക്ഷാ ക്രമക്കേടിനെ തുടർന്ന് പി.എസ്.സി.യുടെ പരീക്ഷാ നടത്തിപ്പിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(എഫ്) അത്യാധുനിക സാങ്കേതിക സംവിധാനങ്ങൾ പരീക്ഷാ നടത്തിപ്പിനായി ഏർപ്പെടുത്തുന്നതോടൊപ്പം ഓരോ പരീക്ഷാ കേന്ദ്രത്തിലും പരീക്ഷാ നടത്തിപ്പിനായി പി.എസ്.സി.യിലെ ഒരുദ്യോഗസ്ഥൻ ചുമതല വഹിക്കുന്ന തരത്തിൽ സംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ തയ്യാറാകുമോ;

(ജി) അതിനാവശ്യമായ ജീവനക്കാർ പി.എസ്.സി.യിൽ ഇല്ലായെങ്കിൽ മതിയായ ജീവനക്കാരെ അനുവദിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

(ഇ), (എഫ്) & (ജി) ഓരോ പരീക്ഷ കേന്ദ്രത്തിലും പി.എസ്.സി യിലെ ഉദ്യോഗസ്ഥൻ ചുമതല വഹിക്കുന്ന രീതിയിൽ പരീക്ഷാ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് ക്രമീകരണം ചെയ്തിട്ടുണ്ട്. അതോടൊപ്പം പരീക്ഷാ കേന്ദ്രത്തിൽ ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് കർശന നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ